

# സഭ പ്രേഷിത സമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

10

# പാഠം 9

# പ്രേഷിത പ്രവർത്തനത്തിന്റെ നൂതനാഭിമുഖ്യങ്ങൾ



ഈ ലോകത്തിൽ ഈശോയുടെ തുടർച്ചയും കൂദാശയുമാണ് സഭ. ഈശോയുടെ രക്ഷാകര ദൗത്യം തുടരുവാൻ സഭ നിയുക്തയായിരിക്കുന്നു. ഈ ദൗത്യം നിറവേറ്റുവാൻ സഭയെന്നും പ്രതിജ്ഞാബദ്ധയായിരുന്നു.

# സഭ മിശിഹായുടെ തുടർച്ചയും ദൗത്യവാഹകയും

1. ഈശോ നൽകിയ രക്ഷ പാപത്തിൽനിന്നുള്ള ആത്മാവിന്റെ മോചനം മാത്രമല്ല, മനുഷ്യന്റെ സമഗ്ര വിമോചനമാണ്. അതിനാൽ സഭയും മനുഷ്യന്റെ സമഗ്രമായ വിമോചനം ലക്ഷ്യമാക്കിയാണ് അദ്ധ്വാനിക്കുന്നത്.

# സഭ ലോകത്തിന്റെ മനഃസാക്ഷി

വിശ്വാസത്തിനും സന്മാർഗ്ഗത്തിനും എതിരായി കാര്യങ്ങൾ. മാത്രമല്ല, മനുഷ്യന്റെ സുസ്ഥിതി തകരാറിലാക്കുന്ന ഏതു സംഭവം ലോകത്തിലുണ്ടായാലും അതിനുള്ള പ്രതികരണത്തിനും പ്രതിവിധിക്കും വേണ്ടി ലോകം സഭയിലേക്ക് ഉറ്റുനോക്കുന്നുണ്ട്. പ്രസ്തുത വിഷയത്തിൽ പരിശുദ്ധ പിതാവ് എന്തു പറയുന്നു എന്നുകേൾക്കാൻ ലോകനേതാക്കൾ കാതോർക്കുന്നു.

# വിദ്യാഭ്യാസ പ്രേഷിതത്വം

മനുഷ്യന്റെ പരമാന്ത്യം മുന്നിൽ കണ്ടുകൊണ്ട് അവന്റെ വ്യക്തിത്വത്തിനു രൂപം നൽകുകയാണു ശരിയായ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം (വിദ്യാഭ്യാസം G.E. 1).

സ്നേഹം, സത്യം, നീതി, സാഹോദര്യം, സമാധാനം തുടങ്ങിയ മൂല്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കണം. തിന്മകൾ വർജ്ജിക്കാനും നന്മകൾ സ്വീകരിക്കാനും വ്യക്തികളെ വിദ്യാഭ്യാസം സഹായിക്കുന്നു. ദാരിദ്ര്യം, അജ്ഞത, അടിമത്തം, ചൂഷണം മുതലായ പ്രശ്നങ്ങളെക്കുറിച്ചു പഠിച്ച് അവയെ ഉന്മൂലനം ചെയ്യുന്നതിനും വിദ്യാഭ്യാസം കൊണ്ടു സാധിക്കുന്നു.

# മാധ്യമ പ്രേഷിതത്വം

മാധ്യമങ്ങൾ മനുഷ്യമനസ്സിനെ കീഴ്പ്പെടുത്തി സ്വാധീനം ഉറപ്പിച്ചു കഴിഞ്ഞു. മാധ്യമങ്ങളുടെ സ്വാധീനത്തെക്കുറിച്ചു രണ്ടാം വത്തിക്കാൻ കൗൺസിൽ ഒരു ഡിക്രി പുറപ്പെടുവിച്ചിരുന്നു. മാധ്യമങ്ങൾ വിനോദവും വിജ്ഞാനവും പകരുന്നതിനു പുറമേ ദൈവരാജ്യ പ്രചാരണത്തിനും ഏറെ സഹായകരമാണെന്നു കൗൺസിൽ പറയുന്നു. (സാമൂഹ്യ മാധ്യമങ്ങൾ – 2)

ഇന്റർനെറ്റ് യുഗത്തിൽ ജീവിക്കുന്ന ആധുനിക സഭയ്ക്ക് ഈ സാങ്കേതിക വിദ്യയുടെ ഉപയോഗം അത്യന്താപേക്ഷിതമാണ്. സാമൂഹിക സമ്പർക്കമാധ്യമങ്ങൾക്കുവേണ്ടിയുള്ള പൊന്തിഫിക്കൽകൗൺസിൽ 'സഭയും ഇന്റർനെറ്റും', 'ഇന്റർനെറ്റിലെ ധാർമ്മികത' എന്നിങ്ങനെ രണ്ട് രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

# രാഷ്ട്രീയം

രാഷ്ട്രീയ രംഗത്തും സഭയുടെ മക്കൾ സേവനമനുഷ്ഠിക്കുന്നു. ബന്ധിതർക്കു മോചനവും, അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും നൽകാൻ കടന്നുവന്ന ഈശോയുടെ മാതൃകയും ചൈതന്യവുമാണ് അവരെ നയിക്കേണ്ടത്.

# കലാ–സാഹിത്യ–സാംസ്കാരിക മേഖലകൾ

കലകൾക്കും സാഹിത്യത്തിനും മാനവ പുരോഗതിയിലുള്ള സ്ഥാനത്തെക്കുറിച്ചും സഭാമാതാവ് ബോധവതിയാണ്. സാംസ്കാരിക രംഗങ്ങളിലും സഭാമക്കൾ സ്തുത്യർഹമായ സേവനം അർപ്പിക്കുന്നുണ്ട്.

ധാർമ്മികമൂല്യങ്ങൾ പകരുന്ന സിനിമകൾ, നാടകങ്ങൾ, നൃത്തരൂപങ്ങൾ പ്രത്യേകിച്ച് ക്രിസ്തീയ കലാരൂപങ്ങൾ തുടങ്ങിയവ വഴി ക്രൈസ്തവ സന്ദേശം പ്രചരിപ്പിക്കുവാൻ സഭാതനയർക്ക് ചുമതലയുണ്ട്.

# പരിസ്ഥിതി സംരക്ഷണം

പ്രകൃതിയുടെ സംതുലിതാവസ്ഥ സംരക്ഷിക്കുന്നതിനും സഭാമക്കൾ ശ്രദ്ധിക്കണം. സ്രഷ്ടവസ്തുക്കൾ മനുഷ്യവംശത്തിനു മുഴുവനും വേണ്ടിയുള്ളതാണ്. അത് പൊതുനന്മയ്ക്കായി സംരക്ഷിക്കാനും നീതിപൂർവ്വം കൈകാര്യം ചെയ്യാനും നമുക്കു കടമയുണ്ട്.



# സാമൂഹിക തിന്മകൾക്കെതിരെ സുവിശേഷ ശബ്ദം

ഭാരതത്തിന്റെ വിവിധ മേഖലകളിലും ഭാരതത്തിനു പുറത്തും മിഷൻ വേല ചെയ്യുന്ന ധാരാളം മിഷനറിമാർ ഇന്നുമുണ്ട്. സ്വന്തം നാടും വീടും വിട്ട് അന്യജനതകളുടെയിടയിൽ സുവിശേഷ സന്ദേശം എത്തിക്കാൻ ഈ മിഷനറിമാർ ചെയ്യുന്ന ത്യാഗം വളരെ വലുതാണ്.




ഗർഭസ്ഥശിശുക്കളുടെ മൃതദേഹങ്ങൾ ചവറ്റുകു



# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* മിശിഹായുടെ തുടർച്ചയും ദൗത്യവാഹകയുമാണു സഭ.

* സഭ മനുഷ്യന്റെ സമഗ്രപുരോഗതിക്കുവേണ്ടിയാണു യത്നിക്കുന്നത്.



* ഇതിനായി അവൾ സ്വീകരിച്ചിരിക്കുന്ന മാർഗങ്ങൾ നിരവധിയുണ്ട്.

* വിദ്യാഭ്യാസം, മാധ്യമപ്രേഷിതത്വം, രാഷ്ട്രീയം, കലാ സാഹിത്യ സാംസ്കാരിക മേഖലകൾ, പരിസ്ഥിതിസംരക്ഷണം, സാമൂഹികതിന്മകൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഇന്നു സഭ പ്രത്യേക ഊന്നൽ കൊടുക്കുന്നു.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* സഭയുടെ ദൗത്യങ്ങളിൽ അഭിമാനം.

* സാധിക്കുന്ന വിധത്തിലെല്ലാം അവയോടു സഹകരിക്കാനുള്ള സന്നദ്ധത.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* ലോകത്തിൽ നടക്കുന്ന തിന്മകളോടും സംഭവങ്ങളോടും സഭ എങ്ങനെയാണു പ്രതികരിക്കുന്ന തെന്നു ശ്രദ്ധിക്കുന്നു.

* അതിനനുസൃതമായ തീരുമാനങ്ങൾ എടുത്തു പ്രവർത്തിക്കുന്നു.